1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : പ്രമേയത്തെ പിന്താങ്ങുന്നു.

1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

മേശപ്പുറത്തുവച്ച കടലാസുകൾ (തുടർച്ച)

[5 PM] ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999 നവംബർ മാസം 11-ാം തീയതിയിലെ G.O.P.No.2211/99/Fin. S.R.O. No. 920/99 ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ഇന്നലെ സഭയ്ക്ക് നൽകിയ ഉറപ്പ് പാലിച്ചിരിക്കുന്നു.

XI. എസ്.ആർ.ഒ. സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ച് ഏത് സ്കീമാണെങ്കിലും റൂളാണെങ്കിലും മുൻകൂട്ടി സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിൽ വയ്ക്കണം. വളരെ നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ മാത്രമേ മറിച്ച് വരാൻ പാടുള്ളൂ. അത് സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിൽ വച്ചിട്ടില്ലെന്നുള്ള കാര്യം അങ്ങയെ അറിയിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ വയ്ക്കണമെന്നുള്ളത് ശരിയാണ്. പക്ഷേ, സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ എല്ലാ എസ്.ആർ.ഒ.യും വയ്ക്കാറില്ല. ഇത് സഭയിൽത്തന്നെ വയ്ക്കാമെന്ന് ഇന്നലെ അങ്ങ് റൂൾ ചെയ്തത് അനുസരിച്ച് സമ്മതിച്ച സ്ഥിതിക്ക് ഞാൻ ഇന്ന് ഇവിടെ വയ്ക്കാമെന്ന് പറഞ്ഞു; ഞാൻ മേശപ്പുറത്ത് വച്ചു. ഇനി അത് റീ-ഓപ്പൺ ചെയ്യുന്നത് ശരിയാണോ?

മി. സ്പീക്കർ : ഭംഗിയായിട്ട് തന്നെ അത് അങ്ങ് നിർവ്വഹിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും ഞാൻ പറഞ്ഞതും രണ്ടും രണ്ടാണ്. ഏത് സ്കീമാണെങ്കിലും സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിൽ വച്ച് അപ്രൂവ് ചെയ്തേ എസ്.ആർ.ഒ. ആക്കാൻ പാടുള്ളൂ. അതാണ് എന്റെ അഭിപ്രായം. അതേ ചെയ്യാൻ പാടുള്ളൂ. ഇവിടെ വയ്ക്കാത്തത് അല്ല തെറ്റ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, വാദിക്കേണ്ടത് ഇതാണ്. Article 249 of the Constitution - Ordinance has got all the status of an Act. Act empowers the Government to come out with the scheme under Section (3). We have come out with the scheme, by issuing

LIBRARY ARCHIVES Kerala Legislative Assembly

an S.R.O. Ordinarily, the S.R.O. must go to the Subject Committee. But, in extraneous circumstances... അദ്ദേഹം തന്നെ പറഞ്ഞു 11-ാം തീയതി ബില്ലും സ്കീമും ബോണ്ടും ഇറക്കി എന്ന്. extraneous circumstances-ൽ Subject Committee യിൽ വയ്ക്കാതെയും എസ്.ആർ.ഒ. കൊണ്ടുവരാമെന്ന് റൂളിൽ ഉണ്ട്.

മി. സ്പീക്കർ : റൂളിൽ അതിനുള്ള വ്യവസ്ഥയുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് ശരിയാണ്. പക്ഷേ, ചിലപ്പോൾ സബ്ജക്ട് കമ്മിറ്റിയിൽ വച്ച് തന്നെ റൂൾ പുറപ്പെടുവിക്കാൻ കഴിയാതെയും വരാം. എന്നാൽ, ആ റൂൾ തന്നെ ഡിഫങ്റ്റാണോയെന്ന് ഞാൻ സംശയിക്കുകയാണ്. എനിക്ക് തന്നെ പലപ്പോഴും പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്; പല പെറ്റിഷൻസും കിട്ടിയിട്ടുണ്ട്. അപ്പോൾ ആ റൂളിനെ സംബന്ധിച്ച് നമ്മൾ ഒന്നുകൂടി ഒരു പുനഃപരിശോധന നടത്തണം. സബ്ജക്ട് കമ്മിറ്റിയിൽ വയ്ക്കുന്നില്ല എന്നത് പോകട്ടെ. അതിന്റെ റാറ്റിഫിക്കേഷന് പോലും പോകുന്നില്ല. അതിനെങ്കിലും പോകണ്ടേ? റാറ്റിഫിക്കേഷൻ എന്നു പറഞ്ഞാൽ സാധാരണ പ്രൊസിഡ്യൂവർ അല്ലേ? അതുപോലും ചെയ്യുന്നില്ല. അതാണ് ഞാൻ പറഞ്ഞത്, ആ റൂൾ പോലും ഡിഫങ്റ്റാണോയെന്ന് ഇന്ന് എനിക്ക് സംശയമുണ്ടെന്ന്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, അങ്ങ് പറയുന്നത് ശരിയാണ്. Ordinarily, the S.R.O. should go to the Subject committee. ആ വകുപ്പിൽത്തന്നെ പറയുന്നുണ്ട്, in extraneous Circumstances-ൽ സബ്ജക്ട് കമ്മിറ്റിയിൽ വയ്ക്കാതെയും കൊണ്ടുവരാമെന്ന്. ആ റൂൾ ഉപയോഗിച്ചാണ് എസ്.ആർ.ഒ. കൊണ്ടുവന്നത്. അത് പിന്നെ റാറ്റിഫിക്കേഷന് സബ്ജക്ട് കമ്മിറ്റിയിൽ കൊണ്ടുപോകണം. നിരവധി എസ്. ആർ.ഒ.കൾ ഒന്നിച്ചാണ് ഞങ്ങൾ റാറ്റിഫൈ ചെയ്യുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഒരു അസാധാരണ സാഹചര്യത്തിൽ മാത്രം വേണമെങ്കിൽ നോട്ടിഫൈ ചെയ്യാം. എന്നാൽ അത് അടുത്ത സബ്ജക്ട് കമ്മിറ്റിയിൽ വച്ച് പാസ്സാക്കണമെന്നുള്ളതാണ് കീഴ്വഴക്കം. അങ്ങും പറഞ്ഞത് അതാണ്. അതാണ് ഇവിടെ ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നം.

മി. സ്പീക്കർ : അതാണ് വേണ്ടത്. അക്കാര്യത്തിൽ സംശയമൊന്നും ഇല്ല.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, അങ്ങ് പറഞ്ഞതുപോലെ അത് അടുത്ത സബ്ജക്ട് കമ്മിറ്റിയിൽ വച്ച് റാറ്റിഫൈ ചെയ്യാം. അതാണ് ശരി.

മി. സ്പീക്കർ : ജനറലായിട്ടുള്ള കാര്യമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. നടപടിക്രമമനുസരിച്ച് ജനറലായിട്ട് ഇങ്ങനെയൊരുനിലയുള്ളപ്പോൾ, ഒരു റൂൾ നിലനിൽക്കുമ്പോൾ അത് ഫങ്ഷൻ ചെയ്യുന്നില്ല എന്നാണ് പറയുന്നത്. റൂൾ ഫങ്ഷൻ ചെയ്യാൻ വേണ്ടിയല്ലേ ഉണ്ടാക്കിയിരിക്കുന്നത്? എന്നിട്ട് ഇത് ഫങ്ഷൻ ചെയ്യാതിരിക്കുക എന്നത് ശരിയല്ല. നിയമസഭയെ സംബന്ധിച്ച് അത് ഗൗരവമുള്ള ഒരു പ്രശ്നമാണ്. അത് നമുക്ക് വേറെ പരിശോധിക്കാം.

നിയമനിർമ്മാണകാര്യം (തുടർച്ച)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള വ്യവസായ ഏകജാല ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവി

LIBRARY ARCHIVES Kerala Legislative Assembly